# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 24<br>October 24 | 2019 |
|---|---|

*1193 തുലാം 7 വ്യാഴം*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ലൈഫ് ഭവന പദ്ധതി: രേഖകൾ ഹാജരാക്കണം**

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭൂരഹിത ഭവന രഹിതരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതും അർഹത പരിശോധനയ്ക്ക് ഇതുവരെ ഹാജരാകാത്തതുമായ ഗുണഭോക്താക്കൾ നിശ്ചിത രേഖകൾ സഹിതം ഒക്ടോബർ 31നകം ഗ്രാമപഞ്ചായത്ത് വി ഇ ഓ ഓഫീസിൽ ഹാജരാകണമെന്ന് സെക്രട്ടറി അറിയിച്ചു.

റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭൂരഹിത ഭവന രഹിതരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതും അർഹത പരിശോധനയ്ക്ക് ഇതുവരെ ഹാജരാകാത്തതുമായ ഗുണഭോക്താക്കൾ നിശ്ചിത രേഖകൾ സഹിതം ഒക്ടോബർ 26നകം ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഹാജരാകണമെന്ന് സെക്രട്ടറി അറിയിച്ചു.

(പിഎൻപി 2880/19)

**ഷോർട്ട് ലിസ്റ്റ്**

ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (എൻസിഎ–എസ്ഐയുസി നാടാർ) (കാറ്റഗറി നമ്പർ 064/2018), വനം വകുപ്പിൽ (കൊല്ലം സർക്കിൾ) ഫോറസ്റ്റർ (എൻസിഎ–ഡി) (കാറ്റഗറി നമ്പർ 621/2017) തസ്തികകളിലേക്കുള്ള ഷോർട്ട്ലിസ്റ്റ് പി.എസ്.സി പ്രസിദ്ധീകരിച്ചു.

(പിഎൻപി 2881/19)

**സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിന് അപേക്ഷിക്കാം**

ജില്ലയിലെ എംപ്ലോയ്മെന്റ് എക്സേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള

യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിന് അപേക്ഷ ക്ഷണിച്ചു. കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവർക്ക് കെസ്റു പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ വായ്പ 20 ശതമാനം സബ്സിഡിയോടെ അനുവദിക്കും. രണ്ട് അംഗങ്ങൾ വീതമുള്ള ജോബ് ക്ലബുകൾക്ക് പദ്ധതി ചെലവിന്റെ 25 ശതമാനം സബ്സിഡിയോടെ 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കും.

വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ വിഭാഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നിവർക്കായി ശരണ്യ സ്വയം തൊഴിൽ പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ വരെ പലിശരഹിത വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. കൂടുതൽ വിവരം അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും ലഭിക്കും. (പിഎൻപി 2882/19)

**അമച്ച്വർ നാടകോത്സവം 2019**

സംസ്ഥാന യുവജനക്ഷേമ ബോർഡ് 'യൂത്ത് തീയറ്റർ ഫെസ്റ്റിവൽ ഓഫ് കേരള ഷോർട്ട് പ്ലേ കോമ്പറ്റീഷൻ' എന്ന പേരിൽ ജില്ലാ സംസ്ഥാന തലങ്ങളിൽ അമച്ച്വർ നാടക മത്സരം സംഘടിപ്പിക്കുന്നു. ജില്ലാതല സ്ക്രീനിംഗിൽ ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച് സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുന്ന സംഘത്തിന് 25,000 രൂപ അവതരണ ഗ്രാന്റായി നൽകും. രണ്ടാം സ്ഥാനം ലഭിക്കുന്ന സംഘത്തിന് 10,000 രൂപയും മൂന്നാം സ്ഥാനത്തിന് 5,000 രൂപയും ഗ്രാന്റായി ലഭിക്കും. സംസ്ഥാന മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്ന സംഘത്തിന് ഒരു ലക്ഷം, 75000, 50000 രൂപ വീതവും പ്രശസ്തി പത്രവും ഫലകവും ലഭിക്കും. ജില്ലാതല സ്ക്രീനിംഗിന് നവംബർ 10ന് വൈകിട്ട് അഞ്ചിന് മുമ്പ് ജില്ലാ യൂത്ത് ഇൻഫർമേഷൻ ഓഫീസർ, കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ജില്ലാ യുവജന കേന്ദ്രം, പുത്തൻപാലത്ത് ബിൽഡിംഗ് കളക്ട്രേറ്റിനു സമീപം, പത്തനംതിട്ട -689645 എന്ന വിലാസത്തിൽ അപേക്ഷ നൽകണം. അപേക്ഷാഫോറവും കൂടുതൽ വിവരവും www.ksywb.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭിക്കും.ഫോൺ: 0468 2231938. (പിഎൻപി 2883/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 24<br>October 24 | 2019 |
|---|---|

*1193 തുലാം 7 വ്യാഴം*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

### ഡ്രൈവർ ഒഴിവ്

മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശബരിമല മണ്ഡല-മകരവിളക്ക് കാലത്ത് നടത്തിവരുന്ന റോഡ് സുരക്ഷാ പദ്ധതിയായ സേഫ്സോൺ പ്രോജക്ടിന്റെ 2019-20 വർഷത്തിൽ താത്ക്കാലിക ഡ്രൈവറായി ജോലി ചെയ്യാൻ താത്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഡ്രൈവിംഗ് ലൈസൻസ്, ആധാർ എന്നിവയുടെ പകർപ്പ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ഈ മാസം 31നകം പത്തനംതിട്ട ആർടിഒ ഓഫീസിൽ നൽകണം. എൽഎംവി ലൈസൻസ് എടുത്ത് അഞ്ച് വർഷം പ്രവൃത്തിപരിചയമുള്ളവരെ മാത്രമേ പരിഗണിക്കൂ. അപേക്ഷകർ സേവന തത്പരരായി ജോലി ചെയ്യുവാൻ തയാറായിരിക്കണം. (പിഎൻപി 2884/19)

### ജാഗ്രത പുലർത്തണം

കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിന്റെ മുന്നറിയിപ്പ് നിലനിൽക്കുന്നതിനാലും പമ്പയാറിന്റെ വൃഷ്ടിപ്രദേശത്ത് മഴയുള്ളതിനാലും മണിയാർ ബാരേജിലെ ജലനിരപ്പ് 34.60 മീറ്ററായി ക്രമീകരിക്കുന്നതിന് മണിയാർ ബാരേജിന്റെ ഷട്ടറുകൾ 50സെന്റീമീറ്റർ വീതം ഉയർത്തി അധിക ജലം കക്കാട്ടാറിലേക്ക് ഒഴുക്കി വിടും. ഇതുമൂലം കക്കാട്ടാറിൽ 100 സെന്റീമീറ്റർ വരെ ജലനിരപ്പ് ഉയരുവാൻ സാധ്യതയുണ്ട്. പമ്പയുടെയും കക്കാട്ടാറിന്റെയും തീരത്തുള്ളവർ പ്രത്യേകിച്ച് മണിയാർ, പെരുനാട്, വടശ്ശേരിക്കര, റാന്നി, കോഴഞ്ചേരി, ആറന്മുള നിവാസികളും, പൊതുജനങ്ങളും ജാഗ്രതാ പാലിക്കേണ്ടതും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു. (പിഎൻപി 2886/19)

## **ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് ഒഴിവ്**

മണ്ഡല-മകരവിളക്ക് കാലത്ത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് വേണ്ടി ശബരിമല സന്നിധാനം ഓഫീസിൽ താമസിച്ച് ദിവസവേതനാടിസ്ഥാനത്തിൽ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റായി പ്രവർത്തിക്കുന്നതിന് താത്പര്യമുള്ളവർക്ക് അപേക്ഷിക്കാം. രസതന്ത്രത്തിൽ ബിരുദമുള്ളവരായിരിക്കണം അപേക്ഷകർ. പ്രായപരിധി 36 വയസ്. താത്പര്യമുള്ളവർ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പത്തനംതിട്ട ജില്ലാ ഓഫീസിൽ ഈ മാസം 31ന് ഉച്ചയ്ക്ക് 12ന് മുമ്പ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും തിരിച്ചറിയൽ രേഖയുടെയും അസലും പകർപ്പും ഒരു ഫോട്ടോയും സഹിതം ഹാജരാകണം. ഫോൺ: 0468 2223983. (പിഎൻപി 2887/19)

## **എൻജിനീയർമാർക്കും ഫിസിയോതെറാപ്പിസ്റ്റുകൾക്കും സൗദിയിൽ അവസരം**

സൗദി അറേബ്യയിലെ പ്രമുഖ സ്വകാര്യ ആശുപത്രിയിലേക്ക് ബി. ടെക്ക് കഴിഞ്ഞ് അഞ്ച് വർഷത്തെ പ്രവർത്തി പരിചയമുള്ള എൻജിനീയർമാർക്കും ഡിഗ്രി കഴിഞ്ഞ് രണ്ട് വർഷത്തെ പ്രവർത്തി പരിചയമുള്ള ഫിസിയോതെറാപ്പിസ്റ്റുകൾക്കും നോർക്ക് റൂട്ട്സ് മുഖേന തൊഴിലവസരം. മെക്കാനിക്കൽ എൻജിനീയറിംഗ്, സേഫ്റ്റി എൻജിനീയറിംഗ്, ഫിസിയോതെറാപ്പി എന്നീ വിഭാഗങ്ങളിൽ യോഗ്യതയുള്ള 30 നും 35 നും മദ്ധ്യേ പ്രായമുള്ള പുരുഷന്മാർക്കാണ് അവസരം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വിസ, താമസം, വിമാന ടിക്കറ്റ്, മെഡിക്കൽ ഇൻഷുറൻസ് എന്നിവ സൗജന്യം. എൻജിനീയർമാർക്ക് 5000 മുതൽ 7000 സൗദി റിയാൽ വരെയും (ഏകദേശം 94,000 രൂപ മുതൽ 1,31,000 രൂപ വരെ) ഫിസിയോതെറാപ്പിസ്റ്റുകൾക്ക് 3000 മുതൽ 3200 സൗദി റിയാൽ വരെയും (ഏകദേശം 57,000 രൂപ മുതൽ 60,000 രൂപ വരെ) ശമ്പളം ലഭിക്കും. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, പാസ്പോർട്ട്, യോഗ്യത, തൊഴിൽ പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ norkacvtoksa@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കണം. വിശദവിവരം www.norkaroots.org എന്ന വെബ് സൈറ്റിലും ടോൾ ഫ്രീ നമ്പറായ 18004253939 (ഇന്ത്യയിൽ നിന്നും) 00918802012345(വിദേശത്തു നിന്നും മിസ്ഡ് കോൾ സേവനം) ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 31. (പിഎൻപി 2888/19)

## **പരീക്ഷകളിൽ തോറ്റവർക്ക് ഹോപ്പ് പദ്ധതിയിലൂടെ വിജയത്തിലെത്താം**

കഴിഞ്ഞ വർഷത്തെ എസ്എസ്എൽസി/പ്ലസ്ടു പരീക്ഷയിൽ തുടർ വിദ്യാഭ്യാസത്തിന് യോഗ്യത നേടാൻ കഴിയാത്ത വിദ്യാർഥികൾക്ക് ഹോപ്പ് പദ്ധതിയിലൂടെ വിജയിലെത്താം. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ താത്പര്യമുള്ള വിദ്യാർഥികൾ, രക്ഷിതാക്കൾ, സന്നദ്ധ സംഘടനകൾ, അധ്യാപകർ തുടങ്ങിയവർ പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസറായ നാർക്കോട്ടിക് സെൽ ഡിവൈഎസ്പിയുമായി ബന്ധപ്പെടണം. ഫോൺ: 9497990032, 9497907776, 9497931214.

(പിഎൻപി 2889/19)

## **റേഷൻ കാർഡ് അപേക്ഷകൾ ഓൺലൈനായി നൽകണം**

കോഴഞ്ചേരി താലൂക്കിൽ റേഷൻ കാർഡ് സംബന്ധമായ അപേക്ഷകൾ ഓൺലൈനായോ അക്ഷയ സെന്റർ മുഖേനയോ സമർപ്പിക്കണമെന്ന് താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു. സമർപ്പിക്കുന്ന അപേക്ഷയുടെ നമ്പരുമായി കാർഡ് ഉടമകൾക്ക് ബുധനാഴ്ച ദിവസം താലൂക്കാഫീസിൽ ഹാജരായി കാർഡുകൾ കൈപ്പറ്റാം. ബുധനാഴ്ച പൊതുഅവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം കാർഡുകൾ കൈപ്പറ്റാവുന്നതാണ്. (പിഎൻപി 2890/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.